1161
0888
(925)

നേതാജിയുടെ

# അന്ത്യനിമിഷങ്ങൾ.

ജീവചരിത്രസംക്ഷേപം കൂടിച്ചേൎന്നതു്.

പ്രസാധകന്മാർ:

കേരള പബ്ലിഷിംഗ് കമ്പനി,

പുളിക്കീഴ്—തിരുവല്ലാ

വിതരണക്കാർ:

പി. സി. ബുക്ക്സ്റ്റാൾ. കോട്ടയം.

1122] [വില 4 [illegible]

# വായിക്കുക.

## ആനന്ദഭവനം.

ജീവിതവ്യഗ്രതകളുടെയും, പ്രേമജീവിതത്തിന്റെയും, കുടുംബസൗഭാഗ്യത്തിന്റെയും, നിർമ്മലപ്രണയത്തിന്റെയും തന്മയത്വസമ്പൂർണ്ണമായ ചിത്രങ്ങൾ ഈ നോവലിൽ ആദ്യന്തം ദർശിക്കാം

ഡമ്മി വലിപ്പത്തിൽ നാനൂറോളം പേജുകളുള്ള ഈ വലിയ നോവലിനു വില 3 രൂ. 8 ണ.

## കന്യാപുത്രി.

രസനിഷ്യന്ദിയായ ഒരു മികച്ച നോവൽ.

യുവതികളെയും, യുവാക്കന്മാരെയും അഭിമുഖീകരിക്കുന്ന പലപല പ്രശ്നങ്ങളും 'കന്യാപുത്രി'യിൽ നിന്നു ഗ്രഹിക്കുക.

വില 1 രൂ.

## വെള്ളിമേഘങ്ങൾ.

കലാസുന്ദരങ്ങളായ 9 കഥകൾ.

1. ഡാക്ടരുടെ ഭാര്യ.
2. ആ കറുത്ത കോട്ടുകാരൻ
3. മധുരസാരി.
4. ഡാക്ടർ.
5. നരച്ച മുടി.
6. നനഞ്ഞ കണ്ണുകൾ.
7. അപൂർണ്ണഗ്രന്ഥം.
8. യാചകസങ്കേതത്തിൽ.
9. കുപ്പിവളകൾ.

വില 1 രൂ.

---

Printed at
THE BHAGIODAYAM PRESS,
Pulikeezh, Tiruvalla.

# നേതാജിയുടെ
# അന്ത്യനിമിഷങ്ങൾ.

1946 സെപ്റ്റംബർ 16-ാംനു ന്യൂഡൽഹിയിൽ കൂടിയ അഖിലേന്ത്യാ ഫോർവേഡ് ബ്ലോക്കിന്റെ പ്രവർത്തക സമിതി ഇപ്രകാരം പ്രഖ്യാപനം ചെയ്തു:—

“സുഭാഷ് ചന്ദ്രബോസ് ജീവിച്ചിരിക്കുന്നു. വിദേശീയ നുകത്തിന്റെ കീഴിൽ നിന്നു ഇൻഡ്യയെ സ്വതന്ത്രയാക്കുന്നതിനുള്ള അവസാന വിപ്ലവത്തിൽ നേതൃത്വം വഹിക്കുന്നതിനായി അദ്ദേഹം അവസരോചിതമായി പ്രത്യക്ഷപ്പെടും.”

## അസാദ് ഹിന്ദ് ദിനം.

1946 ഒക്ടോബർ 21-ാംനു ഇൻഡ്യയിലാകമാനം “അസാദ് ഹിന്ദ് ദിനം” ആഘോഷിക്കണമെന്നു പ്രവർത്തക സമിതി തീരുമാനിക്കുകയും, ആ ദിവസം ഒരു പൊതു ഒഴിവുദിവസമായി പ്രഖ്യാപിക്കണമെന്നു ഇടക്കാല ഗവമ്മെൻറിന്റെ അദ്ധ്യക്ഷനായ പണ്ഡിത് ജവഹർലാൽ നെഹ്രുവിനോടപേക്ഷിക്കുകയും ചെയ്തു. അന്നേദിവസം ബോസ് പ്രത്യക്ഷപ്പെടുമെന്നും ഫോർവേഡ് ബ്ലോക്ക് പ്രവർത്തക സമിതി പ്രതീക്ഷിച്ച അസാദ്ഹിന്ദ് ദിനാഘോഷങ്ങളിൽ ബോ

സ് സംബന്ധിക്കുമെന്നും അവർ വിശ്വസിച്ചു. നേതാജി അന്നു വല്ല കാരണവശാലും പ്രത്യക്ഷപ്പെടാത്ത പക്ഷം, അദ്ദേഹത്തിൻെറ വലിയ ഒരു ഛായാപടം എഴുന്നള്ളിച്ചുകൊണ്ടു് ഗംഭീരമായ ഘോഷയാത്ര നടത്തണമെന്നും, പ്രവത്തക സമതി നിശ്ചയിച്ചു. അന്നേദിവസം ഇൻഡ്യയുടെ നാനാഭാഗങ്ങളിലും കൂടുന്ന മഹായോഗങ്ങളിൽ 1943-ൽ സിംഗപ്പൂരിൽ നിന്നു നേതാജി പ്രക്ഷേപണം ചെയ്ത സന്ദേശം വായിക്കണമെന്നുകൂടി തീരുമാനിക്കപ്പെട്ടു. നേതാജിയുടെ സന്ദേശത്തിൻെറ ഒരു ഭാഗം താഴെ ചേക്കുന്നു:—

## സന്ദേശം.

ജന്മനാ ഞാൻ ഒരു ശുഭാപ്തിവിശ്വാസിയാണു്. സഖാക്കളേ! ഈ പ്രതിബന്ധഘട്ടത്തിൽ നിങ്ങളോടു ആജ്ഞാപിക്കുവാൻ എനിക്കു ഒരൊററ വാക്കുമാത്രമേയുള്ളു. നിങ്ങൾ താല്ക്കാലികമായി പരാജയം വരിക്കയാണെങ്കിൽ ദേശീയ ത്രിവർണ്ണ പതാക ഉച്ചത്തിൽ പിടിച്ചുകൊണ്ടു് പരാജയം വരിക്കുക. അഭിമാനത്തിൻെറയും അച്ചടക്കത്തിൻെറയും സമുന്നതമായ അനശാസനങ്ങൾ ഉയത്തിപ്പിടിച്ചുകൊണ്ടു് പരാജയം വരിച്ചുകൊള്ളുക.

എന്നേപ്പോലെ നിങ്ങളും ശുഭാപ്തിവിശ്വാസമുള്ളവരായിരിക്കുക. ഏററവും ഇരുണ്ട നാഴികകൾ അരുണോദയത്തിൻെറ നാന്ദിയാണെന്നു് എന്നെപ്പോലെ നിങ്ങളും വിശ്വസിക്കുക. "ഇൻഡ്യ സ്വതന്ത്രയാകും; അധികം താമസിയാതെ സ്വതന്ത്രയാകും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ."

# ആശനല്കി.

അഖിലേന്ത്യാ ഫോർവേഡ് ബ്ലോക്കിൻെറ പ്രണേതാവും, ജീവനാഡിയുമായിരുന്ന ശ്രീ സുഭാഷ് ചന്ദ്രബോസ്, വിമാനാപകടത്തിൽ പെട്ടു മരിച്ചുപോയിയെന്നു വിശ്വസിച്ചിരുന്ന ലോകത്തിനു ഫോർവേഡ് ബ്ലോക്കു പ്രവത്തക സമിതിയുടെ ഈ പ്രഖ്യാപനം, അമിതമായ ആശ നല്കി. ആ മഹാത്മാവിൻെറ ഇൻഡ്യയിൽ നിന്നുള്ള അന്തർദ്ധാന ചരിത്രം ഇതിഹാസ കഥകൾ പോലെ അത്ഭുതകരമായിരുന്നതിനാൽ, ഒരുവേള വിമാനാപകട വാത്ത ശരിയല്ലെന്നും, രാഷ്ട്രീയ തന്ത്രമായിരിക്കാം അതെന്നും ഭാരതീയർ പൊതുവെയും വിശ്വസിച്ചു. നേതാജി ജീവിച്ചിരിക്കുന്നുവെന്ന വാത്തകൾ, പത്രങ്ങൾ വലിയ തലക്കെട്ടോടുകൂടി വളരെ പ്രാധാന്യം കൊടുത്തു പ്രസിദ്ധപ്പെടുത്തി. ആ ധീര നേതാവിനെക്കുറിച്ചുള്ള ബഹുമാനവും ആദരവും, ഇൻഡ്യാക്കാർക്ക് അത്ര മഹത്തരമായിരിക്കുന്നു. മഹായുദ്ധ കാലത്തൊരിക്കൽ ഇതുപോലെ ഒരു വിമാനാപകടത്തിൽ പെട്ട് ബോസ് മരിച്ചുപോയിയെന്നു റോയിട്ടർ കമ്പിയടിച്ചു പ്രചരിപ്പിച്ച ഒരു വാത്തയെ അടിസ്ഥാനമാക്കി ബോസിനെപ്പോലെ ധീരനായ ഒരു നേതാവിൻെറ നഷ്ടം ഇൻഡ്യക്കു സഹിക്കാവുന്നതല്ലെന്നു മഹാത്മജി പ്രസ്താവിക്കയും, സുഭാഷിൻെറ മാതാവിന് സ്വാന്തനമരുളിക്കൊണ്ടു ഒരു സന്ദേശമയക്കുകയും ചെയ്തപ്പോൾ, ഭാരതീയർ ആകമാനം തപ്തനിശ്വാസം ചെയ്തു, പക്ഷെ ആ വാത്ത ശരിയല്ലെന്നും, ഇൻഡ്യാക്കാരനായ മറെറാരു

ബോസാണ് അപ്രകാരം മരിച്ചതെന്നും റോയിട്ടർ തെററു തിരുത്തിയപ്പോൾ ഭാരതീയർ ആഹ്ലാദഭരിതരായി.

ഇങ്ങനെ ഒരിക്കൽ മരിച്ചുവെന്നു പ്രസ്താവിക്കപ്പെട്ട മഹാനേതാവ് വീണ്ടും ആ വിധത്തിൽ തന്നെ മരിച്ചുവെന്നു പത്രത്തിൽ പ്രസ്താവിച്ചപ്പോൾ, ബഹു ജനങ്ങൾ അതിൽ സംശയം പ്രകടിപ്പിച്ചതിൽ അത്ഭുതത്തിനവകാശമില്ല. എന്നാൽ ജപ്പാൻ നിശേഷം കീഴടങ്ങുകയും, ഐ. എൻ. എ. (സ്വതന്ത്ര ഭാരത സേനാ) നേതാക്കന്മാരുടെ പേരിലുണ്ടായ കേസുകൾ ഫലവത്താകാതെ പോകുകയും ചെയ്തപ്പോൾ, ബോസിന്റെ നിര്യാണവാർത്തയിൽ സംശയം പ്രകടിപ്പിച്ചുകൊണ്ടുള്ള കിംവദന്തികൾ അങ്ങിങ്ങായി പരന്നു. ബോസ് പൂനായിക്കടുത്തുള്ള ഒരു റെയിൽവെ സ്റ്റേഷനിൽ ഇറങ്ങി ഒരു വയൽവരമ്പിൽ കൂടി സഞ്ചരിക്കുന്നതു ഒരാൾ കണ്ടതായി ആദ്യമായി പത്രങ്ങളിൽ പ്രസ്താവിച്ചു. അങ്ങനെ കെട്ടുകഥകളും, കഥകൾക്കുമേൽ കഥകളുമായി. ബോസിനെ സംബന്ധിച്ച വാർത്തകൾ തുടരെത്തുടരെ ഉണ്ടായി. ഇങ്ങനെ ഉണ്ടായിട്ടുള്ള വാർത്തകളിൽ ധാരാളം മനോധർമ്മം കലർത്തപ്പെട്ടിട്ടുണ്ടെന്നുള്ളതു്, പ്രത്യേകം സ്മരണീയമാകുന്നു:

## ഒരു മൌലവിയുടെ പ്രസ്താവന.

യുദ്ധകാലത്തു നേതാജി സുഭാഷ് ബാബു, 'മസൂ ഓട്ടാ' എന്ന ജാപ്പനീസു നാമധാരിയായി ഒരു ജപ്പാൻ പ്രതിപുരുഷനെന്ന നിലയിൽ ഹാളണ്ടു സന്ദർശിച്ചു

ഒരു രസകരമായ സംഭവം "ഇൻഡ്യൻ എക്സ്പ്രസി"
ൻെറ ലണ്ടനിലെ പ്രത്യേക ലേഖകൻ ആ പത്രത്തിൽ
റിപ്പോർട്ടു ചെയ്തിരിക്കുന്നു. യൂറോപ്പിൽ ഇസ്ലാംമതം
പ്രചരിപ്പിക്കുന്നതിനായി ലാഹുർ അഹ്മദീയാ സം
ഘം യുദ്ധത്തിനു മുൻപ് അയച്ച മൗലവി അംഹമ്മദ
ബഗ് യുദ്ധകാലത്തു ജർമ്മൻ തടവുകാരനായിത്തീർന്നു.
ഇപ്പോൾ മൗലവിബഗ് വിമോചിതനായി ലണ്ടനി
ൽ എത്തിയിട്ടുണ്ടു്. അദ്ദേഹമാണു് ലേഖകനോടു്
ഈ കഥ പറഞ്ഞതു്. ഇങ്ങനെയാണു് ആ സംഭവമു
ണ്ടായതു്:- ആംസ്റ്റർഡാമിനടുത്തുള്ള നെർഡോൺ
ബൂഷ്ടാനിലെ കോളോനിയൽ സ്ഥാപനം നേതാജി
സന്ദർശിച്ചു അന്നു മൗലവിബഗ് ആ സ്ഥാപനത്തി
ൻെറ ചാർജ്ജുവഹിക്കുകയായിരുന്നു. ജാപ്പനീസ് അം
ബാസഡർ എച്ച്. ഇ. മസുഓട്ടോ എന്ന പേരിലാ
ണു് കൂടെയുണ്ടായിരുന്ന ജർമ്മൻ ആഫീസർ വാൺ
ട്രോട്ടു നേതാജിയെ മൗലവിക്കു പരിചയപ്പെടുത്തി
ക്കൊടുത്തതു്. മൗലവി അതിനു മുൻപു ബോസ് ബാ
ബുവിനെ കണ്ടിട്ടുണ്ടായിരുന്നില്ല അതിഥി ഒരു ജ
പ്പാൻ പ്രതിനിധിയാണെന്നു തന്നെ വിശ്വസിച്ചു
കൊണ്ടു മൗലവി അദ്ദേഹത്തെ സ്ഥാപനം മുഴുവൻ
കൊണ്ടുനടന്നു കാണിച്ചു. പെട്ടെന്നു മസുഓട്ടോ ഹി
ന്ദിയിൽ സംസാരിച്ചു തുടങ്ങി. ഇതുകേട്ടു മൗലവി
സ്തംഭിച്ചു നിന്നുപോയി. "ഒരു ജപ്പാൻകാരനായ നി
ങ്ങൾ എങ്ങനെയാണു ഹിന്ദി സംസാരിക്കുന്നതു്" എ
ന്നു അത്ഭുതത്തോടുകൂടി മൗലവി ചോദിച്ചപ്പോൾ
ബോസ് ബാബു ഇങ്ങനെ മറുപടി പറഞ്ഞു. "ഈ ജ
ർമ്മനുദ്യോഗസ്ഥൻകൂടി നമ്മുടെ കൂടെയുള്ളപ്പോൾ

ആ കാര്യമൊന്നും പറയുവാൻ എനിക്കു നിവൃത്തിയില്ല. നിങ്ങളുടെ സ്വന്തം മുറിയിൽ നമുക്കു രണ്ടു പേർക്കും കൂടി സ്വൈരമായിരുന്നു സംസാരിക്കുവാൻ ഒരവസരമുണ്ടാകുമെങ്കിൽ, ഞാൻ എങ്ങനെയാണു ഹിന്ദി സംസാരിക്കുന്നതെന്നും, ഞാനാരാണെന്നും നിങ്ങളോടു പറയാം."

ഇതു കേട്ടപ്പോൾ ജിജ്ഞാസ വർദ്ധിച്ച മൌലവി വളരെ വേഗം മാസുഒട്ടായെ തൻെറ ഔദ്യോഗിക രഹസ്യമുറിയിലേക്കു കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ നേതാജി മൌലവിയോടു ഇപ്രകാരം പറഞ്ഞു:—

"ഞാൻ മസുഓട്ടാ അല്ല. അതു എൻെറ ഇപ്പോഴത്തെ വ്യാജനാമം മാത്രമാണ്. ഞാൻ സുഭാഷ് ചന്ദ്രബോസ് ആണ്. നിങ്ങൾ എന്നെപ്പററി കേട്ടിരിക്കുമോ എന്ന് എനിക്കു സംശയമുണ്ട്." ഇതു കേട്ട് വികാരതരളിതനായ മൌലവി "അങ്ങു സുഭാഷ് ബാബുവാണ്! അങ്ങയെ അല്ലാഹു അനുഗ്രഹിക്കട്ടെ" എന്നു പറഞ്ഞു. പെട്ടെന്നു നേതാജി കൈ ഉയർത്തി വിലക്കിക്കൊണ്ടു പറഞ്ഞു:—

"ഇപ്പോൾ ഒരു സംഭാഷണത്തിനു സമയമില്ല. ഒരു പാടി ജോലികൾ ചെയ്തുതീർക്കുവാനുണ്ട്. അടിമകളായ നമുക്കു മതമില്ല. നിങ്ങൾ ഒരു മുസ്ലീം ആണെന്നും ഞാൻ ഒരു ഹിന്ദുവാണെന്നും നിങ്ങൾ വിചാരിക്കുന്നു. അങ്ങനെയൊന്നുമല്ല." തുടർന്നു രണ്ടു മണിക്കൂറോളം സമയം നേതാജി മൌലവിയുമായി യുദ്ധനിലയെപ്പററി പല്ലാലോചനകൾ നടത്തി. അന്നത്തെ സ്ഥിതിഗതികളിൽ ഇൻഡ്യ എടുക്കേണ്ട നില എ

ന്താണെന്നു അദ്ദേഹം മൗലവിയെ പറഞ്ഞു മനസ്സിലാക്കി.

അന്നത്തെ സന്ദർശനാനന്തരം പിന്നെയും അവർ കണ്ടുമുട്ടി. അന്നു ഇൻഡ്യാക്കാരായ ഘോഷും ശ്യാമലാലും കൂടി മൗലവിയോടു ചേർന്നു. നേതാജിയുടെ നേതൃത്വത്തിൽ അവർക്കു മൂന്നു പേർക്കും അടിയുറച്ച വിശ്വാസമുണ്ടായി. അവർ നേതാജിയോടു ഇപ്രകാരം പറഞ്ഞു:-

"നേതാജിയുടെ അഭിപ്രായത്തിലേക്കു ഞങ്ങൾ മൂന്നുപേരും പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു. ഞങ്ങൾ നേതാജിയുടെ നേതൃത്വത്തിലുള്ള ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിൽ ചേരുവാൻ തീരുമാനിച്ചിരിക്കുന്നു"

ഇതു കേട്ട നേതാജി അവരോടു ബർലിനിലേയ്ക്കു ചെല്ലുവാൻ ഉപദേശിച്ചു യാത്രാസൗകര്യക്കുറവുകൊണ്ടു് അവരുടെ യാത്രയ്ക്കു അല്പം വിളംബമുണ്ടായി. ഒടുവിൽ അവർ ബർലിനിലെത്തിയപ്പോൾ നേതാജി സിംഗപ്പൂരിലേയ്ക്കു പോയിക്കഴിഞ്ഞിരുന്നു.

## ഹോട്ടലിൽവച്ചു കണ്ടു.

ഒരു റിപ്പോർട്ടർ ഇപ്രകാരം പ്രസ്താവിക്കുന്നു:—

1946 ഒക്ടോബർ 5-ാം തീയതി ഞായറാഴ്ച രാത്രി കൽക്കട്ടായിലെ ഒരു പ്രസിദ്ധ ഹോട്ടലിൽവച്ചു സുഭാഷ് ബാബുവിൻെറ ഛായയുള്ള ഒരാളെ കാക്കി വേഷത്തിൽ കാണുകയുണ്ടായി. തലയിൽ ഒരു തൊപ്പി ധരിച്ചിട്ടുണ്ടു്. ആ തൊപ്പിയെടുക്കാതെ അദ്ദേഹം ഹോട്ടലിലെ ഭക്ഷണമുറിയിൽ പ്രവേശിച്ചു. അപ്പോൾ അവിടെയുണ്ടായിരുന്നവരെല്ലാം അദ്ദേഹ

ത്തെ കൗതുകത്തോടെ നോക്കിത്തുടങ്ങി. അദ്ദേഹം അതു സൂക്ഷിക്കാതെ തലയിൽനിന്നു തൊപ്പി നീക്കി സൂപ്പു കഴിക്കാൻ ആരംഭിച്ചു. തൊപ്പി നീക്കിയപ്പോൾ ദൃശ്യമായ കഷണ്ടിത്തല പ്രേക്ഷകരിൽ കൂടുതൽ സന്ദേഹമുളവാക്കി. പെട്ടെന്നു കാര്യം മനസ്സിലാക്കിയ അദ്ദേഹം സ്വന്തം മുറിയിലേക്കു പോയി. ആഹാരവിഭവങ്ങൾ അങ്ങോട്ടു കൊണ്ടുചെല്ലാനാജ്ഞാപിച്ചു. പിറേറന്നു ആ മുറിവാതിൽക്കൽ നിന്നു ആളൊഴിയാതെയായി. അന്നു വൈകുന്നേരം അദ്ദേഹം അവിടെ നിന്നു അപ്രത്യക്ഷനായി.

അദ്ദേഹവും കൂടെയുണ്ടായിരുന്ന ഒരു പഞ്ചാബിയും ഹോട്ടൽ പുസ്തകത്തിൽ പഞ്ചാബി നാമധേയങ്ങളാണു രേഖപ്പെടുത്തിയിട്ടുള്ളതു്. എന്നാൽ അദ്ദേഹം സംസാരിച്ചിരുന്നതു ഇംഗ്ലീഷിലാണു താനും. ഹോട്ടലിൽനിന്നു പോകുന്നതിനു മുമ്പായി അദ്ദേഹം ഒരു ബംഗാളിയോടും വേറൊരു പഞ്ചാബിയോടും സംസാരിച്ചിരുന്നു. ഇതിനെപ്പററി കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ഹോട്ടലിലെ ഒരു ഭൃത്യനോടു ചോദ്യം ചെയ്യുകയുണ്ടായെങ്കിലും ആൾ നേതാജിയെപ്പോലെ തന്നെയിരുന്നെങ്കിലും അദ്ദേഹം നേതാജി തന്നെയാണോ എന്നു തനിക്കറിവില്ലെന്നാണു അവൻ പറഞ്ഞതു്.

നേതാജി ബോസ് കൽക്കത്തായിൽ ഉണ്ടായിരുന്നുവെന്നു് ഒരു ബംഗാളി പത്രം റിപ്പോർട്ടു ചെയ്തിരുന്നുവെന്നുള്ളതും സ്മരണീയമാണു്. ഇന്ത്യയ്ക്കു പുറമെയുള്ള അദ്ദേഹത്തിൻെറ അനുഭവങ്ങളെപ്പററി അദ്ദേഹം ഒരു പുസ്തകം എഴുതുകയാണെന്നും അതിനു ജവഹരിലാൽ നെഹ്റുവിൻെറ ആത്മകഥ

യെക്കാറം അധികം ആവശ്യക്കാർ ഉണ്ടായേക്കാം എ ന്നു പറയപ്പെട്ടുന്നുണ്ട്. ഈ വക വാൎത്തകൾക്ക പ്ര ചുരപ്രചാരം കിട്ടിയപ്പോൾ, ബോസു ജീവിച്ചിരി ക്കുന്നുവെന്നുള്ള വസ്തുത അവിതൎക്കിതമെന്നു സാധാര ണ ഗതിയിൽ എല്ലാവരും വിശ്വസിച്ചു.

# പുതുശ്ശേരിയിൽ.

ഇതിനിടയിൽ ബോസ് പോണ്ടിച്ചേരിയിൽ ശ്രീ അരവിന്ദ ഘോഷിൻെറ ആശ്രമത്തിൽ താമസി ക്കയാണെന്നും, അദ്ദേഹം ഇൻഡ്യയിൽ നിന്നു വിട്ടു നിന്ന കാലത്തെ വിവരങ്ങളടങ്ങിയ ഒരു പുസ്തകമെ ഴുതിക്കൊണ്ടിരിക്കയാണെന്നും ആ പുസ്തകത്തിനു്, പണ്ഡിത നെഹ്റുവിൻെറ ആത്മ കഥാകഥനത്തി നു ലഭിച്ചതിനേക്കാൾ വൻപിച്ച പ്രചാരം ലഭിക്കു മെന്നും പത്രങ്ങളിൽ റിപ്പോർട്ടുകൾ വന്നു.

# മററു കിംവദന്തികൾ.

ബോസ് റഷ്യയിലുണ്ടെന്നും, അദ്ദേഹം ഇൻഡ്യ യുടെ കിഴക്കു പടിഞ്ഞാറെ അതിൎത്തിയിലെത്തിയിട്ടു ണ്ടെന്നും പിന്നീട് ഒരു വാൎത്ത പരന്നു.

അതിൎത്തിദേശഗാന്ധിയെന്നു പ്രഖ്യാതനായ ഖാ ൻ അബ്ദുൽഗാഫർഖാൻെറ പേൎക്ക് പണ്ഡിത ജ വഹരിലാൽ നെഹ്റു മുദ്രവച്ച ഒരു കത്തു കൊടുത്ത യച്ചുവെന്നും, അതിൽ, അതിൎത്തി പ്രദേശത്തെത്തി യിട്ടുള്ള ശ്രീ ബോസിനെ വേണ്ടവിധം സംരക്ഷിച്ചു കൊള്ളണമെന്നും നിർദ്ദേശിച്ചിരുന്നുവെന്നും മറെറാ രു ഉണ്ടയില്ലാത്ത വെടി പുറപ്പെട്ടു. എന്നാൽ യാ

ഥാത്ഥ്യം നേരെ മറിച്ചാണെന്ന അധികൃതമായ ഒരു പ്രസ്താവന പണ്ഡിത ജവഹരിലാൽ 1946 ഒക്ടോബർ 11-ാം തീയതി വെളിപ്പെടുത്തി.

## ജവഹരിലാലിൻെറ പ്രസ്താവന.

പണ്ഡിററ്ജി ഇപ്രകാരമാണ് പ്രസ്താവിച്ചതു്:- ശ്രീ സുഭാഷ് ചന്ദ്രബോസ് ജീവിച്ചിരിക്കുന്നതായി പത്രങ്ങൾ ധാരാളം കിംവദന്തികൾ പ്രസിദ്ധപ്പെടുത്തുന്നു. ബോസു് ജീവിച്ചിരിക്കുന്നുവെന്ന വാൎത്തകളെല്ലാം അടിസ്ഥാനരഹിതമാണ്. കൎണ്ണൽ ഹബിബൂർ റഹ്മാനിൽ നിന്ന ലഭിച്ച ഒരു കത്താണ് ഈ പ്രസ്താവനക്കു് എനിക്കുള്ള തെളിവു്. ബോസിൻെറ മരണത്തിനു കാരണമായ വിമാനാപകടത്തിൽ പെട്ട ഒരാളാണ് കൎണ്ണൽ റഹിമാൻ. ഒരു ദൃക്സാക്ഷി എന്ന നിലയിലുള്ള അദ്ദേഹത്തിൻെറ കത്തിനെ അവിശ്വസിക്കാൻ യാതൊരു കാരണവുമില്ല. അദ്ദേഹം ഈ സംഗതിയിൽ നൽകുന്ന വിവരങ്ങളെക്കവിഞ്ഞു് ഒരു തെളിവിൻെറ ആവശ്യവുമില്ല. എല്ലാവരെയും പോലെ ഞാനും, അദ്ദേഹം ജീവിച്ചിരിക്കട്ടെ എന്നാശിക്കുന്നു. എന്നാൽ അങ്ങനെ ആശിക്കാൻ യാതൊരു മാൎഗ്ഗവുമില്ലാതെയാണിരിക്കുന്നതു്.

## റഹിമാൻെറ കത്തു്.

കൎണ്ണൽ ഹബിബൂർ റഹിമാൻ, ജവഹരിലാൽജിക്കയച്ച കത്തിൻെറ ചുരുക്കം ഇപ്രകാരമാണ്:— "നേതാജി സുബാഷ്ബോസ് ജീവിച്ചിരിക്കുന്നുവെന്നുള്ള അടിസ്ഥാന രഹിതങ്ങളായ പ്രസ്താവനകൾ ക

ണ്ടു് ഞാൻ വളരെ അസ്വസ്ഥനായിരിക്കുന്നു. ആ ദ
യനീയ സംഭവം ഞാൻ എൻെറ കണ്ണുകൊണ്ടു് കണ്ട
താണു്. ആ വിമാനാപകടത്തിൽ ഞാനും പെട്ടിരു
ന്നു നേതാജിക്കു കഠിനമായ പൊള്ളലേററതിനു പു
റമെ, തലക്കു സാരമായ മുറിവും പററിയിരുന്നു. പരു
ക്കേററു് ആശുപത്രിയിലേക്കു കൊണ്ടുപോകപ്പെട്ട
ഞങ്ങളുടെ കിടക്കകൾ അടുത്തടുത്താണു് ഇട്ടിരുന്ന
തു്. 1945 ആഗസ്റ്റ് 18-ാംനു-യാണു് നേതാജി, അ
ന്ത്യശ്വാസം വലിച്ചതു്. ആ സന്ദർഭത്തിൽ ഞാനും
അടുത്തുണ്ടായിരുന്നു. അദ്ദേഹത്തിൻെറ മൃതശരീരം
ടോക്കിയോയിലേക്കോ സിംഗപ്പൂരിലേക്കോ കൊണ്ടു
പോകാൻ യാതൊരു നിവൃത്തിയുമില്ലായിരുന്നു. എ
ൻെറ സാന്നിദ്ധ്യത്തിലാണു് ശവദാഹം നടന്നതു്.
അദ്ദേഹത്തിൻെറ ചിതാഭസ്മം ഞാൻ എടുത്തു സൂ
ക്ഷിച്ചു."

## നിരാശയ്ക്കിടം നൽകും.

കണ്ണൽ റഹിമാൻെറ ഈ കത്തിനെ അടിസ്ഥാ
നമാക്കി ജവഹർലാൽജി, തൻെറ പ്രസ്താവന ഇങ്ങ
നെ ഉപസംഹരിക്കുന്നു:—

കാര്യങ്ങൾ ഇങ്ങനെയിരിക്കെ, ശ്രീ ബോസ്
ഇൻഡ്യയിലേക്കു തിരിച്ചു വരുമെന്നു പ്രതീക്ഷിക്കുന്ന
തു് അസ്ഥാനത്തും, കൂടുതൽ നിരാശയ്ക്കു് ഇടം നല്കു
ന്നതുമാണു്.

## വിമാനം തകർന്ന രംഗം.

നേതാജി ബോസിൻെറ നിര്യാണം സംബന്ധി
ച്ചു് ഒരു മലയൻ പത്രത്തിൽ കണ്ട ചുവടെ ചേർ

ന്ന വാർത്ത "സിലോൺ ഒബ്സർവർ" പത്രത്തിന്റെ രവിവാരപ്പതിപ്പിൽ പ്രസിദ്ധം ചെയ്തു കാണുന്നു. 5 ഗ്യാലൻ എണ്ണ കൊള്ളുന്ന ഒരു തകരപ്പാത്രം നിറയുന്ന സ്വർണ്ണവും ആഭരണങ്ങളും, ഇന്ത്യൻ ദേശീയ നേതാവായിരുന്ന സുഭാഷ് ചന്ദ്രബോസ് കയറിരുന്ന വിമാനം തകർന്നു കിടന്ന സ്ഥലത്തിനു സമീപം കാണപ്പെട്ടതായി ദക്ഷിണ ഹോൺസുവിൽനിന്നും പ്രസിദ്ധം ചെയ്യുന്ന "യുക്കാൺമൈ" എന്ന പ്രതിദിനപ്പത്രം പറയുന്നു.

ആഭരണങ്ങളിൽ രത്നങ്ങൾ, വജ്രങ്ങൾ മാലകളും, മോതിരങ്ങളും മുതലായവ അടങ്ങിയിരിക്കുന്നു

ഇന്ത്യൻ നേതാവിന്റെ മരണാനന്തരം ഒരാഴ്ച കഴിഞ്ഞാണ് ഇവയെല്ലാം അപകടസ്ഥലത്തുനിന്നും പെറുക്കിയെടുക്കയുണ്ടായത്. ഈ പണ്ടങ്ങൾ എല്ലാം ഒരു ജാപ്പനീസ് ക്യാപ്ററനെ സൂക്ഷിക്കാൻ ഏല്പിച്ചുവെന്നും അതിൽ പിന്നീട് അവ എങ്ങോട്ടു പോയിയെന്ന് അറിവാനിട്ടില്ലെന്നും ചിലർ പറയുന്നു. ബോസിന്റെ ചിതാഭസ്മത്തോടുകൂടി അവ സിംഗപ്പൂരിലേക്കു കൊണ്ടുപോകയാണുണ്ടായതെന്നു മററു ചിലർ പറയുന്നു.

## തയിഹോക്ക് ആശുപത്രിയിൽ.

തയിഹോക്ക് ആശുപത്രിയിലെ ഒരു നേഴ്സിൽനിന്നു ലഭിച്ച ചില വിവരങ്ങളാണു താഴെ ചേർക്കുന്നത്. അവിടെ വച്ചാണു ബോസിന്റെ വിമാനം തകർന്നത്. വിമാനത്തിൽ അധികം ആളുകൾ കയറിയിരുന്നതിനാലാണു വിമാനം നിലം പതിച്ചതെന്ന് വിദഗ്ദ്ധോദ്യോഗസ്ഥന്മാർ പ്രസ്താവിക്കുന്നു. ബോസി

ൻെറ ശരീരമാസകലം പൊള്ളിപ്പോയി. അദ്ദേഹത്തിൻെറ അംഗരക്ഷകൻ കർണൽ ഹബിബുർ റഹമാനും ഗുരുതരമായ പരുക്കേററു. ടോക്കിയോ മാർഗ്ഗം സോവിയററു റഷ്യയിൽ എത്തണമെന്നായിരുന്നുവത്രെ ബോസിനുദ്ദേശ്യമുണ്ടായിരുന്നതു്. ഒരു സംഘം ഇന്ത്യാക്കാർ സിംഗപ്പൂരിൽനിന്നു തിരിച്ചു് മഞ്ചൂറിയാ മാർഗ്ഗം നേരത്തെ തന്നെ സോവിയററു് റഷ്യായിൽ കടന്നിരുന്നു. ബോസ് സിംഗപ്പൂർ വിട്ടതിനുശേഷം റഷ്യയിലേക്കു പുറപ്പെടാനിരുന്ന മൂന്നാമതൊരു സംഘം ഇന്ത്യാക്കാർക്ക്, സിങ്കപ്പൂർ വിടാൻ സാധിച്ചില്ല. പെസഫിക്കു യുദ്ധത്തിൽ റഷ്യയുടെ സഹായം ബോസ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ദക്ഷിണ ഏഷ്യയിലെ ജാപ്പ് സൈന്യാധിപൻ ഇതിനു എതിരായിരുന്നതിനാൽ ബോസിൻെറ നടപടികളേയും ജപ്പാൻകാർ ദിവസവും സൂക്ഷിച്ചു വന്നിരുന്നു. ആശുപത്രിയിൽ കിടന്ന ബോസിനെ കാണ്മാൻ അടിയന്തിരഫോൺ സന്ദേശങ്ങൾ അയച്ചിട്ടും ഫർമോസായിലെ പ്രധാനപ്പെട്ട ജാപ്പ് പട്ടാള ഉദ്യോഗസ്ഥന്മാർ വിസമ്മതിക്കുകയാണു ചെയ്തതെന്ന് ജാപ്പ് സൈനികാശുപത്രിയിലെ ഉദ്യോഗസ്ഥനായ സച്ചിന്ദോശയോൺ പ്രസ്താവിക്കുന്നു. ഇന്ത്യയിൽ വിപ്ലവം ഉണ്ടാക്കുന്നതിന് ബോസിനെ ക്ഷണിച്ചു് രാജകീയ സ്വീകരണം നടത്തിയ ജപ്പാൻകാർക്ക്, ഇതൊരു തീരാക്കളങ്കമായി തീർന്നിരിക്കുന്നു.

## ദയനീയമായ അന്ത്യരംഗം.

തയിഹോക്കു് ആശുപത്രിയിൽ, തലക്കു പരുക്കേററും, ശരീരത്തിൻെറ മേൽഭാഗങ്ങളിൽ അതിഭ

യങ്കരമായ പൊള്ളലേററും കിടന്ന ശ്രീ സുഭാഷ്, അതി വേദനകൊണ്ടു പുളഞ്ഞു. എങ്കിലും ആ വീര നേതാവ്, യാതൊരു ദയനീയ ശബ്ദവും പുറപ്പെടുവിച്ചില്ല. കഠിനമായ വേദന അനുഭവിക്കുന്നതായി അദ്ദേഹത്തിൻെറ കണ്ണുകൾ വിളിച്ചു പറഞ്ഞിരുന്നു.

ആ ആശുപത്രിയിൽ വിമാനാപകടത്തിൽ പെട്ടു കിടന്നിരുന്ന മററാളുകൾ, വലിയ ഒച്ചയെടുത്ത് അതിവേദനയോടെ നിലവിളിച്ചുകൊണ്ട് കിടന്നതായി ഷാമോൺ പ്രസ്താവിക്കുന്നു. ഷാമോൺ ഇങ്ങനെ തുടരുന്നു:—

ബോസ് പലപ്പോഴും ശാന്തനായി കിടന്നിരുന്നു. അദ്ദേഹം വെള്ളം കുടിക്കണമെന്നാവശ്യപ്പെട്ടു. മലയാ ഐക്യകക്ഷികൾ പിടിച്ചതിനുശേഷം ജോഹൂറിൽ വച്ചു മരിച്ച ജാപ്പ് കമാണ്ടറായ ജനറൽ ടെറാച്ചിക്ക് അയയ്ക്കാൻ ഒരു സന്ദേശവും പറഞ്ഞുകൊടുത്തു. വേദന കുറയ്ക്കാൻവേണ്ടി ഒരു മോർഫീൻ കുത്തിവയ്പിന് ബോസ് ആവശ്യപ്പെട്ടു. ഡാക്ടർ അതു ചെയ്തു. അല്പം കഴിഞ്ഞു് ബോസിൻെറ ശരീരം വിറച്ചുതുടങ്ങി. കുറെ കഴിഞ്ഞു് ശരീരത്തിൻെറ അനക്കം നിന്നു. അദ്ദേഹം മരിച്ചു. മരുന്നു കുത്തിവച്ചു. പക്ഷെ ഫലമുണ്ടായില്ല. ഹൃദയസ്പന്ദനം നിന്നിരുന്നു. അങ്ങനെ ഇൻഡ്യയിലെ നാല്പത്തൊന്നു കോടി ജനങ്ങളുടെയും അഭിമാനഭാജനമായ വീര നേതാജി ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹം യഥാർത്ഥത്തിൽ മരിച്ചിരിക്കുമോ? എന്ന് ഇനിയും സംശയിക്കുന്നവർ സംശയിക്കട്ടെ. ജീവിച്ചിരിക്കുന്നുവെന്നു വിശ്വസിക്കുന്നവർ അങ്ങനെ വിശ്വസിക്കട്ടെ. സംശയിക്കുന്നവരുടെ വിശ്വാസവും കാലം തെളിയിച്ചു തരട്ടെ എന്നല്ലാതെ ഒന്നും പ്രസ്താവിക്കാനില്ല.

# ജീവചരിത്രം.

ഇത്ര മഹാനായ നേതാജിയുടെ ഒരു ജീവചരിത്ര സംക്ഷേപം കൂടി ഈ ചെറുഗ്രന്ഥത്തിൽ ചേക്കാതിരിക്കുന്നതു യുക്തമല്ല.

ശ്രീ സുഭാഷ് ചന്ദ്രബോസ് 1897 ജനുവരി 23-ാംനു- ഒരു പ്രസിദ്ധ വക്കീലായ ജാനകീനാഥബോസിൻെറ പാവ്വതീഭായിയുടെ പുത്രനായി കട്ടാക്കിൽ ജനിച്ചു. എട്ടു സന്താനങ്ങളിൽ മൂന്നാമനായിരുന്നു സുഭാഷ് ബാബു വിദ്യാലയ ജീവിതം നയിച്ചുവന്ന 18-ാം വയസ്സു കാലത്തു്, സഹപാഠികൾ സിനിമാനടികളെപ്പററി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഐഹിക വിരക്തനായ ഒരു ചിന്തകനായിട്ടാണു് ബാബുവിനെ കണ്ടിരുന്നതു്. 1914-ൽ 18-ാം വയസ്സിൽ ബാബു നാടുവിട്ടു. ശ്രീ വിവേകാനന്ദൻെറ ആത്മീയോപദേശങ്ങളിൽ മുഴകിയിരുന്ന ബാബു ഒരു ഗുരുവിനെത്തേടി ഹിമാലയ സാനുക്കളിൽ മുഴവൻ അലഞ്ഞു. ഏതെങ് കാര്യസാദ്ധ്യത്തിനുവേണ്ടി മതപരമായി പ്രസിദ്ധി നേടിയിട്ടുള്ള പല സ്ഥാനങ്ങളും അദ്ദേഹം സന്ദർശിച്ചു. അനന്തരം വീട്ടിൽ തിരിച്ചെത്തി വിദ്യാഭ്യാസം തുടൻു. പ്രശസ്ത വിജയത്തോടുകൂടി ഓരോ ക്ലാസും കടന്നു പൊയ്ക്കൊണ്ടിരുന്നു. സ്വാഭിപ്രായ പ്രകടനത്തിൽ വിരുത കാട്ടിയിരുന്ന ഒരു സ്വതന്ത്ര ചിന്തകനായിരുന്ന ബാലനായ ബാബു ഇൻഡ്യാക്കാരെ അപഹസിച്ച കാരണത്തിനു മി: സി. എഫ്. ഓട്ടൻ എന്ന ഒരു ധ്വരയുമായി വഴക്കുണ്ടാക്കി. അയാളുടെ വകതിരിവുകേടിനു കയ്യേററം കൊണ്ടു ഉത്തരം നൽകി. അതിനു കല്ക്കത്താ കാളേജിൽ നിന്നു ബഹി

ഷ്കൃതനാക്കപ്പെട്ടു. രണ്ടു വർഷം അങ്ങനെ കഴിച്ചുകൂട്ടി. ഒരു സ്കോട്ടിഷ് ചർച്ച് കാളെജിൽ നിന്ന ഫിലോസഫിയിൽ ഒന്നാമനായി ബി. ഏ. ജയിച്ചു. കേംബ്രിഡ്ജ് യൂണിവേഴ്സിററിയിൽ ചേൎന്ന് 1919-ൽ ഐ. സി. എസ്. വിജയിയായി. അങ്ങനെ സാമ്രാജ്യ സർവ്വീസിൽ ഒരു മെമ്പറായി ഇൻഡ്യയിൽ തിരിച്ചെത്തി.

1920-ൽ മഹാത്മജിയുടെ നേതൃത്വത്തിൽ നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചു. ദേശാഭിമാനികളെ ഇതിലേക്ക ക്ഷണിച്ചു. ബിരുദധാരികൾ ബിരുദങ്ങൾ വലിച്ചെറിഞ്ഞു. സന്നതുപേക്ഷിച്ച് വക്കീലന്മാർ സമരാങ്കണത്തിലണിനിരന്നു. രവീന്ദ്രനാഥടാഗോർ സർ സ്ഥാനം വലിച്ചെറിഞ്ഞു. ചിത്തരഞ്ജൻ ദാസ് വക്കീൽ പണി നിറുത്തി. സുബാഷ് ബാബു ഐ. സി. എസ്. ബിരുദം കാററത്ത് ഊതിപ്പറത്തി.

ജയിൽ ജീവിതവും, ദേശസേവനവും ബാബുജിയുടെ ആരോഗ്യത്തെ നശിപ്പിച്ചു. 1933-ജനുവരിയിൽ ബാബുജി ആരോഗ്യം വീണ്ടെടുക്കാനായി വിയന്നായിലേക്ക പോയി. മൂന്നു ദീർഘ സംവത്സരം ബോസ് വിയന്നായിൽ കഴിച്ചുകൂട്ടി. എന്നാൽ അവിടെയും അദ്ദേഹത്തിന സഞ്ചാരസ്വാതന്ത്ര്യമില്ലായിരുന്നു. വിയന്നായിൽനിന്ന ബ്രിട്ടനിലേയ്ക്കോ, അമേരിക്കയ്ക്കോ, റഷ്യയ്ക്കോ അദ്ദേഹം പോകുന്നതിനെ നിരോധിച്ചിരുന്നു. 1936 ഡിസംബറിൽ അച്ഛൻെറ ആസന്നമരണാവസ്ഥയെപ്പററി അറിവു കിട്ടി ഇൻഡ്യയിലേക്ക പുറപ്പെട്ടു. ബാബുജി കറാച്ചിയിലെത്തിയപ്പോഴേക്കും ജാനകീനാഥബോസ് ഇഹലോകവാസം വെടിഞ്ഞിരുന്നു.

51-ാമത്തു കാൺഗ്രസ്സ സമ്മേളനം ഹരിപുരത്തു വച്ചു നടത്താൻ തീരുമാനിച്ചു 1938-ലെ രാഷ്ട്രപതി യായി ബാബുജിയെ തിരഞ്ഞെടുത്തു. ജനുവരി 14-ാം തീയതി വിമാനമാർഗ്ഗം അദ്ദേഹം ഇൻഡ്യയിലെത്തി. കാൺഗ്രസ്സ സമ്മേളനത്തിന, അത്യാസന്ന നിലയിൽ രോഗഗ്രസ്തനായിരുന്ന ബാബുജി അംബുലൻ കാറിൽ ത്രിപുരിയിലെത്തി. മഞ്ചലിൽ അദ്ദേഹത്തെ പ്ലാററ ഫാറത്തിലേക്കാനയിച്ചു. ആദ്യദിവസത്തെ സമ്മേള നത്തിൽ സംബന്ധിച്ചതിനാൽ ബാബുജി കൂടുതൽ അവശനിലയിലായി. ആശുപത്രിയിലേക്ക മാററാൻ ഡാക്ടർമാർ ഉപദേശിച്ചു. "ത്രിപുരിയിൽ വന്നിരി ക്കുന്നതു ആശുപത്രിയിൽ കിടക്കാനല്ല. അതിൽഭേദം ഇവിടെ കിടന്നു മരിക്കയാണു" എന്ന് ആ യുവസിം ഹം ഗർജ്ജിച്ചു. സ്തംഭനനിവാരണ ശ്രമങ്ങൾക്ക പ്ര വത്തകക്കമ്മററി തുടന്നു. കൽക്കട്ടായിൽ വിളിച്ചുകൂ ട്ടി. പണ്ഡിററ്ജി തടഞ്ഞിട്ടും ബാബുജി രാഷ്ട്രപതി പദം രാജിവച്ചു. ബാബു രാജേന്ദ്രനെ പകരം രാഷ്ട്ര പതിയായി തിരഞ്ഞെടുത്തു. ബോസിൻെറ പേരിൽ പുതിയ പ്രവത്തക സമിതി 3 വർഷത്തെ ശിക്ഷണ നടപടി നടത്തി. തുടന്നു ബാബുജി ഫോർവേഡ് ബ്ലോക്ക രൂപീകരിച്ചു. ഹോൾവെൽ സ്മാരകം മാററു ന്നതിനുള്ള പ്രക്ഷോഭണം, ഈ ഘട്ടത്തിലാണു നടന്ന ത്. ബോസും കൂട്ടരും സത്യാഗ്രഹം നടത്തി. അവരെ അറസ്റ്റ് ചെയ്യെങ്കിലും, സ്മാരകം മാററുകതന്നെ ചെ യ്തു. ജയിലിൽവച്ചു രാഷ്ട്രീയ തടവുകാരുടെ അവശ തകളെ പരിഹരിക്കാൻ ബാബുജി നിരാഹാരവ്രതം നടത്തി. തൻമൂലം ബാബുജി മോചിതനായി. പീട്ടിൽ ബാബുജി സദാ ധ്യാനനിരതനായി കാണ

പ്പെട്ടു. സ്വന്തം കുടുംബാംഗങ്ങൾക്കുപോലും സന്ദർശനവും നിഷേധിച്ചു. ഇങ്ങനെ കഴിച്ചുകൂട്ടുമ്പോളാണ് പെട്ടെന്ന ബാബുജി ഭാരതത്തിൽനിന്നും തിരോധാനം ചെയ്തതായി 1941 ജനവരിയിൽ ലോകം അറിഞ്ഞത്.

## അന്തർദ്ധാനം

1941 ജനവരി 16-ാംനു-യിലെ പത്രങ്ങളിൽ കണ്ട ബോസിൻെറ അന്തർദ്ധാനവാർത്ത ഭാരതത്തെ അത്ഭുതപ്പെടുത്തി. 1941 നവംബർ 10-ാംനു- ഇൻഡ്യാ ഗവൺമെൻറിൻെറ ഹോം സെക്രട്ടറി സ്റ്റേറ്റുകൗൺസിലിൽ "സുഭാഷ്ബോസ് ബർലിനിലോ, റോമിലോ താമസിക്കുന്നുണ്ടായിരിക്കും." എന്ന പറഞ്ഞു. നവംബർ 17-ാംനു- "അദ്ദേഹം ജർമ്മനിയിൽ ഒരു സന്ധിശ്രമം നടത്തുന്നു" എന്ന് അച്ചുതണ്ടു റേഡിയോയും പറഞ്ഞു.

## അന്തർദ്ധാന കഥകൾ

കാബൂളിലെ ഒരു പ്രസിദ്ധ റേഡിയോ വ്യാപാരിയായ ഉത്തമചന്ദ് സുഭാഷ് ബാബുവിൻെറ അന്തർദ്ധാന വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിനെ ഇപ്രകാരം സംക്ഷേപിക്കാം:—

നേതാജി കൽക്കട്ടായിലുള്ള തൻെറ വസതിയിൽനിന്നു കാണാതായതിൻെറ 26 ദിവസം കൊണ്ടാണ് ഇൻഡ്യയിൽനിന്നു രക്ഷപെട്ടത്. ബാബുജിയുടെ തിരോധാനത്തിനു ചില ദിവസങ്ങൾ മുമ്പു തന്നെ അദ്ദേഹം ഏകാന്ത ധ്യാനനിരതനായും, ലൌകിക വിരക്തനായും കാണപ്പെട്ടു. ഡിസംബർ 13-ാം തീയതിയായിരിക്കണം അദ്ദേഹം കൽക്കട്ടായിൽ നി

ന്നുപുറപ്പെട്ടതു്. ജയിലിൽവച്ചുതന്നെ ബാബുജിവേഷ
വ്യതിയാനത്തിന് താടി വളർത്തിവന്നു. പുറപ്പെട്ട
15-ാം പക്കം അദ്ദേഹം ബർദ്വാനിൽ എത്തി. പ
ഞ്ചാബ മെയിലിൽ സെക്കൻറ് ക്ലാസ്സിൽ ഒരു ക
മ്പാർട്ടുമെൻറ് റിസർവ്വ ചെയ്തിരുന്നു തീവണ്ടി യാത്ര
ചെയ്തു പെഷവാറിൽ എത്തി. ഒരു പട്ടാണിയുടെ
വേഷത്തിലാണ് അവിടെ ഇറങ്ങിയതു്. അബ്ബാസ്
ഖാനുമൊരുമിച്ചു പെഷവാറിൽ അഞ്ചുദിവസം താമ
സിച്ചു. അവിടെ നിന്നുമുള്ള യാത്രയ്ക്കു ഒരു അംഗര
ക്ഷകനും കൂട്ടത്തിലുണ്ടായിരുന്നു. കാബൂളിൽ എത്തി.
അവിടെവച്ചു ബാബുജിക്കു വയറുകടി പിടിച്ചു. ഈ
സന്ദർഭത്തിൽ ഒരു അപസർപ്പക വിദേശൻ ബാബു
ജിയെ പിടികൂടി. തന്റെ ഫൗണ്ടൻപേനയും, പത്തു
രൂപയും കൊടുത്ത് അയാളിൽ നിന്നു ബാബുജി രക്ഷ
നേടി. കാബൂളിൽ വച്ചു റഷ്യയുമായി സമ്പർക്കത്തി
ലേർപ്പെടുന്നതിനദ്ദേഹം ആഗ്രഹിച്ചു. റഷ്യാ-ജർമ്മൻ
ബന്ധം നശിച്ചു. ആംഗ്ലോ-റഷ്യൻ ബന്ധം ആരംഭി
ച്ച കാലമായിരുന്നു അതു്. തന്മൂലം ഈ ബന്ധത്തി
ന ചില വിഷമതകൾ ഉള്ളതായി ബാബുജിക്കു തോ
ന്നി, കാബൂളിൽ താമസിച്ചിരുന്ന ഒരു ജർമ്മൻകാരൻ
ഈ ഉദ്ദേശം മനസ്സിലാക്കി. അയാൾ ബാബുജിയെ
ഹിററ്ലറുമായി പരിചയപ്പെടുത്തി. ഹിററ്ലർ ബാ
ബുജിയെ ജർമ്മനിയിലേക്കു സ്വാഗതം ചെയ്തു. അവി
ടെ വമ്പിച്ച സ്വീകരണം ലഭിച്ചു.

മാർച്ചു പ്രഥമ വാരത്തിൽ ബാബുജി ബർലി
നിൽ എത്തി. പശ്ചിമ സമരമുഖത്തു് 27000 ത്തോ
ളം ഇൻഡ്യൻ ഭടന്മാർ പങ്കുകൊണ്ടിരുന്നു. ഡ്രസ്ഡ
ണിൽ ഒരു ആഫീസു സ്ഥാപിച്ചുകൊണ്ടു് ബോസ്

സ്വാതന്ത്ര്യഭാരതസേനാ വിഭാഗം അവിടെ രൂപീകരിക്കപ്പെട്ടു. ബാബുജിയെ നേതാവായി അവർ അവരോധിച്ചു. ജർമ്മനിയിലെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ നേതാജി, ഒരു അന്തർവാഹിനിയിലാണെന്നു പറയപ്പെടുന്നു, 1943 ജൂൺ 20-ാംനു- ടോക്കിയോയിൽ എത്തി. അദ്ദേഹത്തിൻെറ കൂടെ ഹസ്സൻ എന്ന മുസ്ലീമും ഉണ്ടായിരുന്നു. നേതാജിക്കു അവിടെ ഹൃദയപൂർവ്വമായ സ്വാഗതം ലഭിച്ചു. 1945 ജൂലൈ രണ്ടാം തീയതി നേതാജി സിംഗപ്പൂരിലെത്തി.

(ഐ. എൻ. ഏ. സംബന്ധിച്ചവിവരങ്ങളെല്ലാം സുപ്രസിദ്ധമാകയാൽ ഇവിടെ അതു വിട്ടുകളയുന്നു)

സിംഗപ്പൂരിൽ നിന്നു സുഭാഷ് ബാബു ജപ്പാൻെറ തലസ്ഥാനമായ ടോക്കിയോയിലേക്കു വിമാനത്തിൽ യാത്ര ചെയ്യുവെയാണ് അപകടമുണ്ടായതു്. വിമാനം ടൈഹാക്കിൽ നിന്നു എണ്ണയൊഴിച്ചു ശേഷം മേല്പോട്ടുയന്നപ്പോൾ യന്ത്രത്തിനു കേടു പററി തലകുത്തി നിലം പതിക്കയും, അതോടുകൂടി അതു് അഗ്നിക്കിരയാകുകയുമാണുണ്ടായതെന്നും ടോക്കിയോയിൽ നിന്നു റഷ്യയിലേക്കു പോകണമെന്നായിരുന്നു നേതാജിയുടെ ഉദ്ദേശമെന്നുമാണ് വിശ്വസിക്കപ്പെടുന്നതു്.

## വീണ്ടും സംശയം

പണ്ഡിററ് ജവഹരിലാൽ നെഹ്റുവിൻെറ പ്രസ്താവനക്കു മറുപടിയായി പാററ്നായിൽ നിന്നു ഒക്ടോബർ പന്ത്രണ്ടാം തീയതി അഖിലേന്ത്യാ ഫോർവേഡ്ബ്ലോക്ക് വൈസ് പ്രസിഡണ്ടു് ഒരു പ്രസ്താവനയിൽ ഇപ്രകാരം പറയുന്നു:—

"നേതാജി സുബാഷ് ചന്ദ്രബോസ് നിര്യാതനാ

യി എന്ന വാർത്തയെ സ്ഥിരീകരിച്ചുകൊണ്ട് പണ്ഡിററ് നെഹ്റു പുറപ്പെടുവിച്ച പ്രസ്താവന ഈ രാജ്യത്തെ നിർജ്ജീവമാക്കിക്കളഞ്ഞു. വളരെ കൂടുതൽ വിവാദങ്ങളുണ്ടായ ഈ വിഷയത്തെക്കുറിച്ച് ഇടക്കാല ഗവമ്മെൻറിൻെറ തലവനായ പണ്ഡിററ് ജവഹർലാൽ നെഹ്റുവിന് എന്താണു പറയുവാനുള്ളതെന്നു അത്യൽക്കണ്ഠയോടെ ഞാൻ പത്രം നോക്കി. പ്രസ്താവനയുടെ തലക്കെട്ടാണ് എന്നെ ഉടൻതന്നെ അതിനു പ്രേരിപ്പിച്ചതു്. എന്നാൽ കേണൽ ഹബീബു റഹ്മാൻെറ പ്രസ്താവനയെ ആവത്തിക്കുന്നതു കൂടാതെ പുതിയതായിട്ടൊന്നും പണ്ഡിററ്ജിക്കു പറയാനില്ലെന്നു കണ്ടതിൽ ഞാൻ സന്തോഷിച്ചു. പ്രസ്തുത സംഗതിയെക്കുറിച്ച് പണ്ഡിററ് നെഹ്റുവിനോടോ കേണൽ റഹ്മാനോടോ എന്നല്ല മററാരോടും തന്നെ തക്കിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ ഈ അവസരത്തിൽ പൊതുജനങ്ങൾ ഒരു കാര്യം ഓമ്മിക്കേണ്ടതാണെന്നു ഞാൻ ആവശ്യപ്പെടും.. നേതാജി ജീവിച്ചിരിപ്പുണ്ടെന്നും യഥാവസരം അദ്ദേഹം ഇന്ത്യയിൽ പ്രത്യക്ഷപ്പെടുമെന്നുമുള്ള പ്രമേയം അഖിലേന്ത്യാ ഫോർവേഡ്ബ്ലാക്ക് പ്രവത്തക സമിതിയെപ്പോലെ അന്തസ്സുള്ള ഒരു സംഘടന പാസ്സാക്കിയിട്ടുണ്ടെന്നുള്ളതാണതു്. എനിക്കു ഇത്രമാത്രമേ പറയുവാനുള്ളു. അതായതു് ഈ അധികൃത പ്രസ്താവന വിശ്വാസയോഗ്യമായ വസ്തുതകളെ ആസ്പദമാക്കിയുള്ളവയാണ്. നേതാജി ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് ജനങ്ങൾക്ക് വീണ്ടും ഉറപ്പു നൽകുന്നതിൽ കൂടുതലായി എന്തെങ്കിലും പറയുവാൻ തല്ക്കാലം ഞാൻ ആഗ്രഹിക്കുന്നില്ല."

ഫോർവേഡ് ബ്ലോക്ക വൈസ് പ്രസിഡണ്ടിന്റെ ആശാവഹമായ ഈ പ്രസ്താവനയെ പിന്താങ്ങുന്ന ചില സംഭവങ്ങൾ ഇവിടെ പ്രസ്താവിക്കാം.

1. ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രസിഡണ്ടായിരുന്നിട്ടുള്ള സുഭാഷ് ബോസ് മരിച്ചിട്ടുണ്ടെങ്കിൽ, ഈയിടെ കൂടിയ എ. ഐ. സി. സി. അനുശോചന പ്രമേയം പാസ്സാക്കുമായിരുന്നു.

2. സുഭാഷിന്റെ ചരമാനന്തര ശേഷക്രിയകൾ നടത്തരുതെന്ന്, മഹാത്മജി, ബോസ് കുടുംബത്തിനു കമ്പിയടിച്ചു.

3. ബോസ്, അതിർത്തിയിൽ കാട്ടു വർഗ്ഗക്കാരുടെ നേതാവായ ഇപ്പിഫക്കീറിന്റെ അതിഥിയായിത്താമസിക്കുന്നുവെന്നുള്ള പ്രസ്താവന. അതിർത്തിയിൽ ഈയിടെ ഉണ്ടായ ബോംബിംഗ്, പണ്ഡിത ജവഹരിലാൽ നെഹ്റുവിന്റെ ഉത്തരവനുസരിച്ച് നിറുത്തിയതു്, തൻമൂലം ബോസിന് അപകടമുണ്ടാകാതിരിക്കുന്നതിനാണെന്നു വ്യാഖ്യാനിക്കപ്പെടുന്നു.

4. ഷാനവാസും ധില്ലനും ഗാന്ധിജിയെ സന്ദർശിച്ചപ്പോൾ ഗാന്ധിജി ഇപ്രകാരം പറഞ്ഞു;—"നിങ്ങൾ എന്തെല്ലാം പറഞ്ഞാലും സുഭാഷ് ചന്ദ്രൻ ജീവിച്ചിരിക്കുന്നുവെന്നു എന്റെ ഹൃദയം എന്നോടു പറയുന്നു"

5. നേതാജിയുടെ മരണം യഥാർത്ഥമെന്നു പണ്ഡിത ജവഹരിലാൽ, സമർത്ഥിക്കുന്നില്ല. കേണൽ ഹബീബ് റഹിമാന്റെ കഥയു അദ്ദേഹം ഉദ്ധരിക്കുന്നതേയുള്ളൂ.

6. അഖിലേന്ത്യാ ഫോർവേഡ് ബ്ലോക്കിന്റെ അചഞ്ചലമായ വിശ്വാസം.

7. ബോസ് ഇൻഡ്യയിൽ തിരിച്ചുവരണമെന്ന് അഖിലേന്ത്യാ റേഡിയോ മുഖേന ക്ഷണിക്കണമെന്നു, സാമ്രാജ്യ നിയമസഭയിൽ ഒരു മെംബർ കൊണ്ടുവരാനുദ്ദേശിക്കുന്ന പ്രമേയം.

ഈ നിലയിൽ നമുക്കൊന്നും തീരുമാനിക്കാൻ നിവൃത്തിയില്ല. ആ മഹാനേതാവ് തന്റെ ഒളിച്ചുകളിയുടെ അന്ത്യനിമിഷങ്ങൾ, എവിടെ, എങ്ങനെ വിനിയോഗിക്കുകയായിരിക്കാം?, ആർക്കറിയാം?

BOSE LIBRARY & READING RO
KOTTAYAM.
VELOOR.